പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4336 — 28/06/2012 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ്. തോമസ്:<br>ശ്രീ. തോമസ് ഉണ്ണിയാടൻ:<br>ശ്രീ. മോൻസ് ജോസഫ്: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർ വത്കരണം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ഇല്ല. |
| (ബി) ഇല്ലെങ്കിൽ എന്ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇ-ഡിസ്ട്രിക്ക്, എൻ:എൽ.ആർ.എം.പി എന്നീ പദ്ധതികളിൽപ്പെടുത്തിയാണ് വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം നടന്നു വരുന്നത്. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ സാധിക്കും. |
| (സി) ജനങ്ങൾക്ക് ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത സംവിധാനം മുഖേന കാലതാമസം കൂടാതെ ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം വില്ലേജിൽ നിന്നും നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകളാണ് ഈ സേവനം വഴി നൽകുന്നത്. എൻ.എൽ.ആർ.എം.പി. (NLRMP) പദ്ധതി പ്രകാരം ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ ആണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ഓൺലൈൻ പോക്കുവരവ് ആണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ